8. 2002-ലെ കേരള കവുങ്ങ് (അടയ്ക്ക) കർഷക ക്ഷേമനിധി ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

9. 2002-ലെ കേരള ഗർഭസ്ഥ ശിശുവിന്റെ ലിംഗനിർണ്ണയ നിരോധന ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

10. 2002-ലെ പമ്പാനദി സംരക്ഷണ അതോറിറ്റി രൂപീകരണ ബിൽ

(ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീമതി ശോഭനാ ജോർജ് സഭയിൽ ഹാജരില്ലാതിരുന്നതിനാൽ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

(3) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർച്ച ചർച്ച

1. 2001-ലെ കേരള റൈറ്റ് ടു ഇൻഫർമേഷൻ ബിൽ

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ നോട്ടീസ് നൽകിയത്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: (തുടർച്ച) സർ, ഞാൻ കഴിഞ്ഞ സെഷനിൽ അവതരിപ്പിച്ച് സംസാരിച്ച് തുടങ്ങിയതായിരുന്നു. വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനുള്ള പ്രമേയമാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇത് അവതരിപ്പിക്കാൻ ഞാൻ നിർബന്ധിതനായത് യു. ഡി. എഫ്. ഗവൺമെന്റ് നൽകിയ വാഗ്ദാനം നടപ്പാക്കാത്തതുകൊണ്ടാണ്. ഐക്യ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോ ആണ് ഇപ്പോൾ ഏറ്റവും വില കുറഞ്ഞ സാധനം. ഈ മാനിഫെസ്റ്റോയിൽ പറയുന്നത് ഭരണ പരിഷ്കാരമാണ്. ഭരണം സുതാര്യമാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഇന്ന് കർണ്ണാടകത്തിൽ നിലവിലുള്ള കർണ്ണാടക റൈറ്റ് ടു ഇൻഫർമേഷൻ ആന്റ് ട്രാൻസ്പേരൻസി ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ ആക്റ്റ്, റഗുലേഷൻ ടു ഇൻഫർമേഷൻ ആക്ട് എന്നീ നിയമങ്ങളുടെ മാതൃകയിലുള്ള നിയമ നിർമ്മാണം നടത്തും എന്ന് യു.ഡി. എഫ്-ന്റെ മാനിഫെസ്റ്റോവിൽ പറഞ്ഞിട്ടുണ്ട്. ആ മാനിഫെസ്റ്റോ തയ്യാറാക്കിയത് ശ്രീ. എം. എം. ഹസ്സൻ ആണെന്നാണ് എനിക്ക് കിട്ടിയ വിവരം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): താങ്കൾ പറയുന്നത് കാര്യങ്ങൾ മുഴുവൻ മനസ്സിലാക്കാതെയാണ്. ഞാൻ മറുപടി പറയുമ്പോൾ അത് പറയാം. കേന്ദ്രത്തിൽ ബിൽ പാസ്സായി, സംസ്ഥാനങ്ങളിൽ അത് ഫോളോ ചെയ്യണമെന്ന് ഞങ്ങളോട് ആവശ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly